**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4035 **16.03.2017**-ലെ മറുപടിക്ക്

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട കോളനികളെ തെരഞ്ഞെടുത്തു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതി എന്താണ്; | (ബി) | ഇതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (സി) | എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്; | (സി) | അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം |

| | | | |
|---|---|---|---|
| | | | 12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതി മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (ഡി) | കോളനികളെ തെരഞ്ഞെടുക്കുന്നതിലുള്ള കാല താമസം പദ്ധതിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കുന്നതിന് ഇടയാക്കുമെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി ഇത്തരം കോളനികളെ തെരഞ്ഞെടുത്ത് പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോളനികളെ തിരഞ്ഞെടുക്കുന്നത് MLA മാരുടെ നിർദ്ദേശം കൂടി കണക്കിലെടുത്താണ് സമയ ബന്ധിതമായി നിർദ്ദേശം ലഭിച്ചാൽ കാലതാമസം ഒഴിവാക്കാൻ കഴിയും. ഇതിനായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ